**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342** **06-03-2023 - ൽ മറുപടിയ്ക്ക്**

**കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നയങ്ങൾ കാരണവും കേന്ദ്ര സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്താത്തതുകൊണ്ടും രാജ്യത്തെമ്പാടും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകുമ്പോൾ ഉപഭോക്തൃ പ്രധാന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് വിലക്കയറ്റ തോത് ദേശീയ ശരാശരിയേക്കാൾ കുറച്ച് നിർത്താനായിട്ടുണ്ടോ; ഇതിനായി ധനകാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | രാജ്യത്തെമ്പാടും അനിയന്ത്രിത വിലക്കയറ്റ ഉണ്ടാകുമ്പോൾ ഉപഭോക്തൃ പ്രധാ സംസ്ഥാനമായിട്ടും സംസ്ഥാനത്ത വിലക്കയറ്റം ഒരു പരിധിവരെ പിടിച്ച് നിർത്താൻ കഴിഞ്ഞിട്ടുണ്ട്. വിപണി ഇടപെടലിനായി 2408-01-102-99 Grant to KSCSC Ltd for MIO (NP) എന്ന ശീർഷകത്തിൽ എല്ലാ വർഷവും ബജറ്റ് വിഹിതം അനുവദിക്കുന്നുണ്ട്. ടി ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷം 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു ഇപ്രകാരം ശീര്്ഷകത്തിൽ ആകെ അനുവദിച്ചിരുന്ന 400 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>നടപ്പ സാമ്പത്തിക വർഷം പൊതു വിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ ബജറ്റ് വിഹിതവും 64 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പെടെ 1148.9 കോടി രൂപ വകയിരുത്തുകയും 857.23 കോടി രൂപ നാളിതുവരെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ |

| | | | |
|---|---|---|---|
| | | | സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോട് കൂടി താൽക്കാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ '2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 29.08.2022 മുതൽ 07.09.2022 വരെ സംസ്ഥാനത്ത 1685 താല്ക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 78.9 ലക്ഷം രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷത്തിൽ തീരമാവേലി പദ്ധതിക്കായി 2405-00-105-88-33 ശീർകത്തിൽ അധികധനാനുമതി വഴി 30,82,000/- രൂപ അനുവദിക്കുകയും 13,77,310/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ ഉയർന്ന വാങ്ങൽശേഷി കൂടി കണക്കിലെടുത്ത് വിപണി ഇടപെടൽ ശാക്തീകരിക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോ; | (ബി) | ജനങ്ങളുടെ ഉയർന്ന വാങ്ങൽശേഷി കൂടി കണക്കിലെടുത്ത് വിപണി ഇടപെടൽ ശാക്തീകരിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകളുടെ ഫലമായി വിവിധ മേഖലകളിൽ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയിലും ഗണ്യമായി കുറയ്ക്കാനായിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവ്വേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ചെയ്യുന്നില്ല. അതിനാൽ തന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് സംബന്ധിച്ച ആധികാരിക വിവരം നൽകുന്നതിന് വകുപ്പിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ